## കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

**(ഹാജർ : ജി.രാജീവ്)**

നമ്പർ:ബി4/11077/94 തീയതി:04/06/2018

വിഷയം:- വ്യവസായം - ഡി.പി.പൂവൻതുരുത്ത് - മെ. ഡിസി പ്രസ് പ്രൈവറ്റ് ലിമിറ്റഡ് - ഭരണഘടനാ മാറ്റം വഴി സ്ഥലം മെ. 'ഡിസി ബുക്സ് ' എന്ന പേരിൽ മാറ്റി - ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന:- (1) 1969 ലെ സ.ഉ.നം.(എംഎസ്) 169/69/വ്യവ.

(2) 24/08/1970 ലെ സ.ഉ..(എംഎസ്)നം. 297/70/വ്യവ.

(3) 10/06/2013 ലെ സ.ഉ.നം.(എംഎസ്) 60/2013/ വ്യവ.

(4) 13/09/13 ലെ സ.ഉ.നം.(എംഎസ്) 110/2013/വ്യവ.

(5) ഈ ആഫീസിലെ 10/06/1992 ലെ ബി1/4341/92 നമ്പർ നടപടിക്രമം

(6) ഈ ആഫീസിലെ 10/10/1996 ലെ ബി1/4341/92 നമ്പർ നടപടിക്രമം.

(7)ഈ ആഫീസിലെ 8/06/2000 ലെ ബി1/6908/92 നമ്പർ നടപടിക്രമം

(8) ഈ ആഫീസിലെ 15/07/2000 ലെ ബി1/4341/92 നമ്പർ നടപടിക്രമം

(9) ഈ ആഫീസിലെ 23/5/2009 ലെ ബി4/4341/92 നമ്പർ നടപടിക്രമം

(10) 01/01/2008 ലെ ബി4/6906/92 നമ്പർ നടപടിക്രമം.

(11) ഈ ആഫീസിലെ ഇതേ നമ്പരിലുള്ള 16/06/1995 ലെ നടപടിക്രമം

(12)മെ. ഡിസി പ്രസ് പ്രൈവറ്റ് ലിമിറ്റഡ് 17/11/2016 ലും 15/01/2018 ലും സമർപ്പിച്ച അപേക്ഷ.

(13) 07/04/17 ലെ DLPAC യോഗത്തിന്റെ നടപടിക്രമം.

(14) 17/03/2018 ലെ ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മറ്റിയുടെ നടപടിക്രമം.

(15) ഈ ആഫീസിലെ 08/05/18 ലെ ഇതേ നമ്പർ കത്ത്.

(16) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14/05/18 ലെ ഐഡി5/1127/13 നമ്പർ സർക്കുലർ.

സൂചന (5) ൽ പരാമർശിക്കുന്ന ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവേ നമ്പർ 489/1 ൽ ഉൾപ്പെട്ട 25 സെന്റ് സ്ഥലം ശ്രീ. രവി ഡിസി, കിഴക്കേ മുറിയിടം, മുട്ടമ്പലം. പി.ഒ എന്ന സംരംഭകന് ഓഫ്സെറ്റ് പ്രിന്റിംഗ്, പേപ്പർ ലാമിനേഷൻ എന്നിവ നടത്തുന്നതിന്

മെ. രവി ഇൻഡസ്ട്രീസ് എന്ന പേരിൽ, നിലവിലുള്ള ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം അനുവദിച്ചു നൽകുകയും ടി സ്ഥലത്ത് സംരംഭം പ്രവർത്തന ആരംഭിക്കുകയും ചെയ്തു. സൂചന (6) പ്രകാരം ടി വ്യവസായ സംരംഭത്തിന്റെ വിപുലീകരണത്തിനായി സർവേ നമ്പർ 469 ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലവും കൂടി അനുവദിച്ച് ഉത്തരവ് നൽകി.

തുടർന്ന് സൂചന (7) ൽ പരാമർശിക്കുന്ന ഉത്തരവ് വഴി സർവേ നമ്പർ 489/3 ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലം കൂടി മെ. രവി ഇൻഡസ്ട്രീസിന്റെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. ടി സ്ഥാപനത്തിന്റെ പേര്, മാനേജ്മെന്റ് എന്നിവയിൽ ഭേദഗതി വരുത്തി സ്ഥാപനത്തിന്റെ പേര് രവി ഇൻഡസ്ട്രീസിന് പകരം മെ. ഡിസി പ്രസ് പ്രൈവറ്റ് ലിമിറ്റഡ് എന്നാക്കി മാറ്റി സൂചന (8) പ്രകാരം ഉത്തരവ് നൽകിയിരുന്നു.

സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി അധിക സ്ഥലം ആവശ്യമായി വന്നതിനെ തുടർന്ന് അധിക സ്ഥലത്തിന് അപേക്ഷിക്കുകയും സൂചന (10) പ്രകാരം 20 സെന്റ് സ്ഥലം കൂടി ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം അനുവദിച്ചു നൽകുകയും ചെയ്തു. ഡിസി പ്രസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സഹോദര സ്ഥാപനമായി സ്ഥാപനത്തിന്റെ ഡയറക്ടറായ ശ്രീ. രവി ഡിസി യുടെ ഭാര്യ ശ്രീമതി.രതീമാ രവി, മെ. രതീമാ ഇൻഡസ്ട്രീസ് എന്ന സംരംഭത്തിനായി ഭൂമി അനുവദിക്കുന്നതിന് അപേക്ഷിക്കുകയും സൂചന (11) ൽ പരാമർശിക്കുന്ന ഉത്തരവ് വഴി സർവേ നമ്പർ 489/3 ൽ ഉൾപ്പെട്ട 9.7 സെന്റ് സ്ഥലം ശ്രീമതി.രതീമാ രവിയുടെ പേരിൽ അനുവദിക്കുകയും ചെയ്തു. പിന്നീട് 25/03/98 ലെ ഉത്തരവ് വഴി, സ്ഥാപനത്തിന്റെ മാനേജ്മെന്റ് പാർട്ണർഷിപ്പ് വ്യവസ്ഥയിലേയ്ക്ക് മാറ്റി ശ്രീ. രവി ഡിസി യെ മാനേജിംഗ് പാർട്ണർ ആയും ശ്രീമതി. രതീമാ രവിയെ പാർട്ണറായും ഉത്തരവ് നൽകുകയും സ്ഥാപനത്തിന്റെ പേര് ഡിസി ഇന്റർനാഷണൽ ട്രേഡിംഗ് കോർപ്പറേഷൻ
എന്നാക്കി മാറ്റുകയും ചെയ്തു.

സൂചന (12) പ്രകാരം, പൂവൻതുരുത്ത് ഡിപിയിൽ പ്രവർത്തിച്ചു വരുന്ന ഡിസി പ്രസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിൽ അനുവദിച്ചിട്ടുള്ള സ്ഥലവും സ്ഥാപനങ്ങളും പാർട്ണർഷിപ്പ് വ്യവസ്ഥ പ്രകാരം 'മെ. ഡിസി ബുക്സ് 'എന്ന പങ്കാളിത്ത സ്ഥാപനത്തിന്റെ പേർക്ക് മാറ്റി അലോട്ട് ചെയ്യണമെന്ന് അപേക്ഷിക്കുകയും, ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയും ചെയ്യുകയു ായി. 02/04/16 ൽ നടന്ന മെ. ഡിസി പ്രസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർമാരുടെ യോഗത്തിൽ കമ്പനിയുടെ നടപടി ക്രമങ്ങൾ സമാപിക്കുന്നതിനും, ടി സ്ഥലം ഡിസി ബുക്സ് എന്ന പാർട്ണർഷിപ്പ് സ്ഥാപനത്തിന്റെ പേർക്ക് മാറ്റി അനുവദിക്കുന്നതിനും തീരുമാനമെടുത്തിട്ടു ്. മെ. ഡിസി ബുക്സ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട്

19/01/15 ൽ പാർട്ണർഷിപ്പ് എഗ്രിമെന്റിൽ ഭേദഗതി വരുത്തി സമർപ്പിക്കുകയും ചെയ്തിട്ടു ്. ടി സ്ഥാപനത്തിന്റെ പേരിൽ മാർജിൻ മണി വായ്പാ കുടിശ്ശികയോ, ഇതര കുടിശ്ശികകളോ നിലവില്ല. റവന്യൂ റിക്കവറി നടപടികളും നിലവിലില്ല.

സൂചന (12) ൽ പരാമർശിക്കുന്ന 15/01/18 ലെ അപേക്ഷ പ്രകാരം ഡിപി പൂവൻതുരുത്തിൽ അനുവദിച്ച 9.7 സെന്റ് സ്ഥലത്ത് പ്രവർത്തിച്ചു വന്നിരുന്ന മെ. ഡിസി ഇന്റർനാഷണൽ ട്രേഡിംഗ് കോർപ്പറേഷൻ എന്ന പാർട്ണർഷിപ്പ് സ്ഥാപനവും ഡിസി ബുക്സ് എന്ന പേരിൽ ഒന്നിച്ചു പ്രവർത്തിക്കുന്നതിനായി റീ-അലോട്ട് ചെയ്യണമെന്ന് അപേക്ഷിക്കുകയും ആയതിനു വേ രേഖകൾ സമർപ്പിക്കുകയും ചെയ്തിട്ടു ്. ര ് സ്ഥാപനങ്ങൾക്കും ധനകാര്യ സ്ഥാപനങ്ങളിലോ സർക്കാരിലോ യാതൊരുവിധ കുടിശ്ശികകളും ഇല്ലാത്തതുമാണ്.

07/04/17, 17/03/18 എന്നീ തീയതികളിൽ നടന്ന ജില്ലാതല ലാൻഡ് അലോട്ട്മെന്റ് കമ്മറ്റി അപേക്ഷ പരിഗണിക്കുകയും, സ്ഥാപനത്തിന്റെ പേരിൽ മറ്റ് ബാധ്യതകളോ കുടിശ്ശികകളോ നിലവിൽ ഇല്ലാത്തതിനാൽ ഡിപി പൂവൻതുരുത്തിൽ, മെ. ഡിസി പ്രസ് പ്രൈവറ്റ് ലിമിറ്റഡ്, ഡിസി ഇന്റർനാഷണൽ ട്രേഡിംഗ് കോർപ്പറേഷൻ എന്ന പാർട്ണർഷിപ്പ് ഫേം എന്നിവയുടെ പേരിൽ ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം സൂചനകളിൽ പരാമർശിക്കുന്ന ഉത്തരവുകൾ പ്രകാരം അനുവദിച്ച 74.7 സെന്റ് സ്ഥലവും, സ്ഥാപനങ്ങളും ഡിസി പ്രസ് എന്ന പാർട്ണർഷിപ്പ് ഫേമിന്റെ പേരിലേയ്ക്ക് മാറ്റി അനുവദിക്കുന്നതിന് ഉത്തരവ് നൽകുന്നതിന് തീരുമാനിക്കുകയും സൂചന (15) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

സൂചന (16) പ്രകാരം ഡിഎ/ഡിപി കളിൽ അസൈൻമെന്റ് ലഭിച്ചിട്ടില്ലാത്ത സംരംഭങ്ങളുടെ കൈമാറ്റം/മാനേജ്മെന്റ് മാറ്റം തുടങ്ങിയവക്ക് അംഗീകാരം നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് ചുമതല നൽകിയിട്ടു ്.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സൂചനകളിലെ ഉത്തരവ് പ്രകാരം മെ.ഡിസി പ്രസ് പ്രൈവറ്റ് ലിമിറ്റഡ്, മെ. ഡിസി ഇന്റർനാഷണൽ ട്രേഡിംഗ് കോർപ്പറേഷൻ എന്നീ സംരംഭങ്ങൾക്കായി അനുവദിച്ച 74.7 സെന്റ് സ്ഥലവും, ടി സ്ഥാപനങ്ങളും ശ്രീ.രവി.ഡിസി, കിഴക്കേ മുറിയിടം, മുട്ടമ്പലം.പി.ഒ, കോട്ടയം മാനേജിംഗ് പാർട്ണറായും ശ്രീമതി പൊന്നമ്മ. ഡിസി, ശ്രീ. ഗോവിന്ദ്.ഡിസി, ശ്രീ.സിദ്ധാർത്ഥ്.ഡിസി, ശ്രീ. ആദിത്യ.ഡിസി എന്നിവർ

പാർട്ണർമാരായുളള ഡിസി ബുക്സ് എന്ന സ്ഥാപനത്തിന്റെ പേരിലേയ്ക്ക് താഴെ പറയുന്ന വ്യവസ്ഥകളോടെ റീ-അലോട്ട് ചെയ്ത് ഉത്തരവാകുന്നു.

(1) സ്ഥലവിലയുടെ നിലവിലുളള കുടിശ്ശിക അടച്ചു തീർക്കേ  താണ്.

(2) സ്ഥലവിലയുടെ (74.7സെന്റ്) 10% തുക പ്രൊസസിംഗ് ഫീ ആയി അടയ്ക്കേ  താണ്.

(3) അടുത്ത 5 വർഷക്കാലത്തേക്ക് പേര്/ആക്ടിവിറ്റി/മാനേജ്മെന്റ് എന്നിവയിൽ മാറ്റം വരുത്തുന്നതല്ല എന്ന സത്യവാങ്മൂലം സമർപ്പിക്കേ  താണ്.

(4) പുതിയ ഹയർ പർച്ചേസ് എഗ്രിമെന്റ് മാനേജിംഗ് പാർട്ണർ ഗവൺമെന്റുമായി ഒപ്പിട്ട് സമർപ്പിക്കേ  താണ്.

(5) വ്യവസ്ഥകൾ 15 ദിവസത്തിനകം പാലിച്ച്, എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യേ  താണ്.

ഒപ്പ്
ജനറൽ മാനേജർ

സ്വീകർത്താവ്:

ശ്രീ.രവി.ഡിസി,
മാനേജിംഗ് പാർട്ണർ,
മെ.ഡിസി ബുക്സ്,
ഡിപി, പൂവൻതുരുത്ത്,
കോട്ടയം.

പകർപ്പ്:

(1) വ്യവസായ വാണിജ്യ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
(2) സിഎ റ്റു ജനറൽ മാനേജർ
(3) എസ്റ്റേറ്റ് ഓഫീസർ/എഡിഐഒ (ഹെഡ് ക്വാർട്ടേഴ്സ്-II)
(4) മാനേജർ (ക്രെഡിറ്റ്)
(5) സ്റ്റോക്ക് ഫയൽ/സ്പെയർ/എംഐഎസ്.